ഇഹ്സാൻ

# ഗോവയിൽ കൊല്ലപ്പെട്ടത് ലവ് ജിഹാദികൾ?

**നാന്ദേഡ്** സ്ഫോടനത്തെ കുറിച്ച് തയാറാക്കിയ കുറ്റപത്രത്തിൽ അഭിനവ് ഭാരത് നേതാക്കളായിരുന്ന കേണൽ ശ്രീകാന്ത് പുരോഹിത്, സ്വാധി പ്രജ്ഞാസിംഗുമാരോടൊപ്പം സനാതൻ സംസ്ഥ, ഹിന്ദു ജൻജാഗരൺ സമിതി, ഗുരുകൃപാ പ്രതിഷ്ഠാൻ എന്നീ സംഘടനകളുടെ നേതാക്കളുടെയും പേരുകൾ ഉണ്ടായിരുന്നുവെന്ന് ഇപ്പോൾ എല്ലാവരും മറന്ന മട്ടാണ്. 'സനാതൻ സംസ്ഥ' എന്ന 'ഹൈന്ദവ സാംസ്കാരിക നവോത്ഥാന വേദി' മാധ്യമങ്ങളുടെ മുമ്പിലെത്തുന്നത് ഇപ്പോഴുണ്ടായ മർഗാവ് ബോംബ്സ്ഫോടനത്തെ തുടർന്നാണെന്നാണ് പത്ര റിപ്പോർട്ടുകൾ വായിക്കുന്ന ആർക്കും തോന്നുക. പക്ഷേ നാം ഒറ്റ വർഷത്തെ കാലയളവിൽ മറന്നു പോകുന്ന ചില സത്യങ്ങളുണ്ട്. മാലേഗാവ് സ്ഫോടനങ്ങളടക്കം മഹാരാഷ്ട്രയിൽ കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ നടന്ന മിക്ക സംഭവങ്ങളിലും ഈ സംഘടനകളിലെ പ്രവർത്തകർ പ്രതികളായിരുന്നുവെന്നും മുൻ എ.ടി.എസ് തലവൻ ഹേമന്ത് കർക്കറെ 2008 ജൂണിൽ ചൂണ്ടിക്കാട്ടിയിരുന്നു. വർഗീയ കലാപമുണ്ടാക്കാൻ ശ്രമിച്ച് നിയമനടപടികൾ നേരിട്ട സ്വാമി ധർമേഷും ജമ്മു സംഘർഷ് സമിതി കൺവീനർ ലീലാ കരൺ ശർമയും സനാതൻ സംസ്ഥയുടെ രക്ഷാധികാരികൾ ആയിരുന്നു. സനാതൻ പ്രഭാത് എന്ന ഇവരുടെ മുഖപത്രത്തിന്റെ എഡിറ്റർ പൃഥ്വിരാജ് ഹസാരെയെ വർഗീയ കലാപകേസിൽ 2008 ഫെബ്രുവരിയിൽ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടതുമാണ്.

മുംബൈ ആക്രമണത്തിന് ശേഷം ഇത്തരം സംഘടനകളിൽ പലതും അൽപകാലത്തേക്ക് അടങ്ങിയൊതുങ്ങിക്കഴിഞ്ഞതിന് ചില കാരണങ്ങളുണ്ടായിരുന്നു. മുംബൈയിലെ ഇസ്രായേലി കേന്ദ്രമായ ഹബാഡ് ലുബാവിച്ചിൽ ഇവരിൽ പലരുടെയും സാന്നിധ്യമുണ്ടായിരുന്നുവെന്ന് പോലിസ് തുടക്കത്തിൽ സംശയിച്ചിരുന്നു. ആ ദിശയിൽ കേസന്വേഷണം നടക്കുന്നില്ലെന്ന് ഉറപ്പു വന്നതിന് ശേഷമാണ് സംസ്ഥയും സമിതിയുമൊക്കെ വീണ്ടും വിളയാട്ടം തുടങ്ങിയത്. വാഷിയിലും താനെയിലും നാടകശാലകൾക്കെതിരെ ബോംബെറിഞ്ഞതിന് ഹിന്ദു ജൻജാഗരൺ സമിതിയുടെ പ്രവർത്തകരായിരുന്നു പിടിയിലായത്. രമേശ് ഗട്കാരി, മങ്കേഷ് നിഗം, സന്തോഷ് ആംഗ്റെ, വിക്രം ഭാവെ എന്നിവരായിരുന്നു പിടിയിലായത്. ആ 'സമിതി'യും ഈ സംസ്ഥയുമൊന്നും വേറെവേറെ ഏർപ്പാടുകളല്ല. തങ്ങളുടെ സഹോദര സംഘടനയാണ് സമിതിയെന്ന് സംസ്ഥയുടെ വെബ്സൈറ്റിൽ വ്യത്തിയായി എഴുതിവെച്ചിട്ടുണ്ട്. പിടിയിലായ നാലംഗ സംഘത്തെ ചോദ്യം ചെയ്തതിൽ നിന്നും പെൻ ഹൈവേയിലെ മസ്ജിദ് ബോംബുവെച്ചു തകർക്കാനുള്ള ശ്രമം ഈ സംഘടനയുടേതായിരുന്നുവെന്ന് പോലീസ് കണ്ടെത്തി. നാലംഗ സംഘത്തിലെ മങ്കേഷിനെ രത്നഗിരിയിൽ മതംമാറി ക്രിസ്ത്യാനികളായ ഒരു കുടുംബത്തിന്റെ വീട് ബോംബുവെച്ച് തകർത്ത കേസിൽ നേരത്തെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടതാണ്. സതാറയിലെയും പെന്നിലെയും രഹസ്യകേന്ദ്രങ്ങളിൽ ഇവർ കുഴിച്ചിട്ട നൂറു കണക്കിന് ജലാറ്റിൻ

സ്റ്റിക്കുകളും ഡിറ്റൊണേറ്ററുകളും പൊതുജനങ്ങളെ സാക്ഷി നിർത്തി പോലിസ് കണ്ടെത്തിയതും വാർത്തകളിൽ വന്നിരുന്നു.

ഇവരുടെ ഓഫീസിൽ നടത്തിയ റെയ്ഡിനിടയിൽ ലഭിച്ച ഒരു ഓഡിയോ കാസറ്റിനെ കുറിച്ചും ചില വാർത്തകൾ കേൾക്കുന്നുണ്ട്. ശ്രീകാന്ത് പുരോഹിത്, സ്വാമി ദയാനന്ദ് പാണ്ഡെ, ആർ.പി സിംഗ് മുതലായവരുടെ പ്രസംഗങ്ങളാണ് ഇതിലുള്ളത്. ഇന്ത്യാ ഗവൺമെന്റിനെ ബോംബ് സ്ഫോടനങ്ങളിലൂടെ അട്ടിമറിക്കണമെന്നും ഇസ്രയേലിൽ വിപ്രവാസ സർക്കാർ സ്ഥാപിക്കണമെന്നും ഇപ്പോഴത്തെ ഭരണഘടന തിരുത്തിയെഴുതണമെന്നും ഈ പ്രസംഗങ്ങൾ ആഹ്വാനം ചെയ്യുന്നു. മുസ്‌ലിം ഭീകരരെ പരസ്യമായി തൂക്കിലേറ്റുന്നതിന് ഇപ്പോഴത്തെ ഇന്ത്യൻ ശിക്ഷാ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമത്രെ. വിപ്രവാസ സർക്കാർ രൂപീകരിക്കാൻ ഇവൻമാർ കണ്ടെത്തിയ രാജ്യത്തിന്റെ പേര് അടിവരയിട്ടു വായിക്കുക. സനാതൻ സംസ്ഥക്ക് വിദേശരാജ്യങ്ങളുമായി ബന്ധമുണ്ടെന്നും സംഘടനയുടെ ആസ്ഥാനത്ത് വിദേശികൾ വന്നു പോകുന്നത് പതിവാണെന്നും അന്വേഷണ സംഘങ്ങൾ വ്യക്തമാക്കിയിരിക്കെ ഈ ഒരേ തൂവൽപക്ഷികളുടെ മോഹങ്ങൾ കുറെക്കൂടി ഗൗരവപൂർണമായ അന്വേഷണങ്ങൾക്ക് വിട്ടുകൊടുക്കുകയാണ് വേണ്ടത്.

ഇതേ സനാതൻ പ്രഭാതിന്റെ ഒക്ടോബർ ലക്കം പരിശോധിക്കുമ്പോഴാണ് മുൻകാലങ്ങളിൽ അവർക്കെതിരെ എടുക്കാതിരുന്ന നടപടികളുടെ ഗൗരവം ബോധ്യപ്പെടുക. മഹാരാഷ്ട്രയിലെ മീറജിൽ നടന്ന വർഗീയ കലാപത്തിന് കാരണമായത് സംഘടനയുടെ പ്രവർത്തകരായിരുന്നു. അവരെ ന്യായീകരിച്ച് പ്രഭാത് എഴുതി: 'ഗ്രാമത്തിലെ മുസ്‌ലിംകളുടെ അഹന്ത അതിരുവിട്ടതിന് ഹിന്ദുക്കൾ യുക്തമായ തിരിച്ചടി നൽകി. അവരുടെ ഏഴ് മസ്ജിദുകൾ അടിച്ചു തകർത്ത് അവയുടെ മേൽ കുങ്കുമപതാക നാട്ടി' എന്തായിരുന്നു അഹന്തയെന്ന് വ്യക്തമാക്കിയിട്ടില്ല. റിപ്പോർട്ടിലെ തുടർന്നുള്ള ഭാഗങ്ങൾ കൂടി വായിക്കുക. 'മുസ്‌ലിംകൾക്കിടയിൽ പ്രവർത്തിക്കുന്ന ചില ഗൂഢ സംഘങ്ങളെ പോലിസ് അറസ്റ്റ് ചെയ്തതായും സനാതൻ പ്രഭാതിന് വിവരമുണ്ട്. ആത്മഹത്യാ ആക്രമണങ്ങൾ സംഘടിപ്പിക്കുന്നതിന് ഇന്ത്യയിൽ നിന്നുള്ള യുവതികളെ റിക്രൂട്ട് ചെയ്യുന്ന ഈ സംഘത്തെ പ്രധാനമായും കേരളത്തിൽ നിന്നാണ് പിടികൂടിയത്. ലവ് ജിഹാദ് എന്ന പേരിൽ അറിയപ്പെടുന്ന ഇവർക്കെതിരെ കേരളാ ഹൈക്കോടതി അന്വേഷണം ആവശ്യപ്പെട്ടിരിക്കുന്നു. ഇതിനകം 4000 യുവതികളെ സംഘം പാകിസ്താനിലെത്തിച്ചുവെന്നാണ് വിവരം.' *മലയാള മനോരമ* കേരളത്തിൽ ഛർദിച്ച 'കറുത്ത വറ്റ്' മഹാരാഷ്ട്രയിലെത്തിയപ്പോഴേക്കും എങ്ങനെയാണ് 'കാക്ക'യായതെന്ന് ശ്രദ്ധിക്കുക.

ഇത്തരം തനി തെമ്മാടികളോടുള്ള പോലിസിന്റെ സമീപനം എന്താണെന്നു കൂടി അറിയേണ്ടേ? സനാതൻ സംസ്ഥ എന്ന സംഘടന തെറ്റു ചെയ്തതായി പറയാനാവില്ലെന്നാണ് പോലിസ് സി.ഐ.ഡി വിഭാഗം സൂപ്രണ്ട് ആത്മാറാം ദേശ്പാണ്ഡെ ഒടുവിൽ വ്യക്തമാക്കുന്നത്. ഈ സംഘടനയിലെ ചില വ്യക്തികൾ പിടിയിലായിട്ടുണ്ട് എന്നും ഗോവയിൽ ബോംബുമായി സ്കൂട്ടറിൽ സഞ്ചരിക്കുന്നതിനിടെ കൊല്ലപ്പെട്ടവർ സംഘടനയുടെ പ്രവർത്തകരായിരുന്നു എന്നുമാണ് പോലിസിന് ലഭിച്ച വിവരമെന്ന് അദ്ദേഹം തിരുത്തി. ബോംബുവെച്ച കുറ്റത്തിന് സനാതൻ സംസ്ഥയുടെ പ്രവർത്തകർ പിടിയിലായാൽ പോലും അത് സംഘടനയുടെ കുറ്റമല്ലെന്ന്! കൊള്ളാം. അങ്ങനെയാവണം സന്യാസിമാരുടെ കേസുകളിലെ അന്വേഷണം! ■